255

2405
9/08/2017

EXC/4558/2017-XC5

എക്സൈസ് കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം
തീയതി: 08-08-2017
ഫോൺ. 0471 2322825
excomoffice@yahoo.com
ecoffice.exc@kerala.gov

## സർക്കുലർ

വിഷയം: M & TP – GST Act-2017 –ന്റെ അടിസ്ഥാനത്തിൽ മെഡിസിനൽ ആൻഡ് ടോയലറ്റ് പ്രിപ്പറേഷൻ (എക്സൈസ് ഡ്യൂട്ടീസ്) ആക്ട്, 1955 പ്രകാരമുള്ള എക്സൈസ് ഡ്യൂട്ടി ഒഴിവാക്കുന്നത് – സംബന്ധിച്ച്.

സൂചന:- 1) കോട്ടയ്ക്കൽ ആര്യവൈദ്യശാല, കഞ്ചിക്കോട് ബ്രാഞ്ച് ജനറൽ മാനേജരുടെ 24-07-2017 തീയതിയിലെ അപേക്ഷ.
2) പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 25-7-2017 തീയതിയിലെ പി6-8740/2017 നമ്പർ കത്ത്.
3) കേന്ദ്ര ചരക്ക് സേവന നികുതി നിയമം 2017.

പാലക്കാട് എക്സൈസ് സർക്കിൾ പരിധിയിലുള്ള SP VI-2/2013-14, L2-3/2013-14 നമ്പർ ലൈസൻസുകൾ പ്രകാരം പ്രവർത്തിച്ചുവരുന്ന കോട്ടയ്ക്കൽ ആര്യവൈദ്യശാല, കഞ്ചിക്കോട് ബ്രാഞ്ചിൽ ഉൽപ്പാദിപ്പിക്കുന്ന ദ്രാക്ഷാരിഷ്ടം, ദ്രാക്ഷാസവം, പിപ്പല്യാസവം എന്നീ ഔഷധങ്ങൾക്ക് 1955-ലെ മെഡിസിനൽ ആൻഡ് ടോയലറ്റ് പ്രിപ്പറേഷൻ (എക്സൈസ് ഡ്യൂട്ടീസ്) ആക്ട് പ്രകാരം 4% അഡ്‌വലോറം എക്സൈസ് ഡ്യൂട്ടി ഈടാക്കിയിരുന്നത് 1-7-2017-ൽ നിലവിൽ വന്ന കേന്ദ്ര ചരക്ക് സേവന നികുതി നിയമത്തിലെ വകുപ്പ് 174(1) പ്രകാരം ഔഷധങ്ങൾക്കുള്ള എക്സൈസ് ഡ്യൂട്ടി 12% ആയി പുനഃക്രമീകരിച്ചിട്ടുള്ളതാണെന്നും ആയതിനാൽ 4% അഡ്‌വലോറം എക്സൈസ് ഡ്യൂട്ടി ഒഴിവാക്കുന്നതിനുള്ള അനുമതിക്കായി സൂചന 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

1-7-2017-ന് GST Act നിലവിൽ വരികയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ ചരക്കുകൾക്കും സേവനങ്ങൾക്കും ഈടാക്കി വന്നിരുന്ന ചില നികുതി ഇനങ്ങൾ സംയോജിപ്പിക്കുകയും ചെയ്തു. അത്തരത്തിൽ GST-യിൽ ഉൾപ്പെടുത്തിയ / ലയിപ്പിച്ച നികുതിയിനമാണ് 1955-ലെ മെഡിസിനൽ ആൻഡ് ടോയലറ്റ് പ്രിപ്പറേഷൻ (എക്സൈസ് ഡ്യൂട്ടീസ്) ആക്ട്. ഈ ആക്ട് പ്രകാരം ഈടാക്കിവന്ന 4% അഡ്‌വലോറം എക്സൈസ് ഡ്യൂട്ടിക്ക് പകരമാണ് 12% GST ചുമത്തിയിട്ടുള്ളത്. നിർത്തലാക്കിയ (Repeal ചെയ്ത) 4% നികുതി ചുമത്തുന്നത് GST Act -ന് വിരുദ്ധമാണ്. ആയതിനാൽ മേൽപ്പറഞ്ഞ ഔഷധങ്ങൾക്ക് 12% GST മാത്രം ചുമത്തിയാൽ മതിയാകുമെന്ന് അറിയിക്കുന്നു.

8/8/17
SEA-1

എക്സൈസ് കമ്മീഷണർക്കുവേണ്ടി

ഗ്രാഹകൻ
1) ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
2) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)

പകർപ്പ്
1) ജനറൽ മാനേജർ, കോട്ടയ്ക്കൽ ആര്യവൈദ്യശാല, കഞ്ചിക്കോട്
2) സർക്കുലർ ഫയൽ / ഉത്തരവ് ഫയൽ

SN6-8